വചനത്തിലെ
പഴമൊഴികൾ

# KIDS CORNER

## മെതിക്കുന്ന കാളയ്ക്ക് മുഖക്കൊട്ട കെട്ടരുത്. ആവ : 25:4

ണിം, ണിം, ണിം, ണിം....... അതിരാവിലെ പത്രക്കാരന്റെ വരവിനെ വിളിച്ചറിയിക്കുന്ന ശബ്ദം കേട്ടയുടനെ കത്രീനാമ്മച്ചി വരാന്തയിലെത്തി ഉറക്കെയാണ് അമ്മച്ചിയുടെ പത്രപാരായണം. അന്ന് അവധി ദിവസമായതിനാൽ അമ്മച്ചിയുടെ പത്രപാരായണം കേൾക്കുവാൻ കൊച്ചുമക്കളും ചുറ്റും ഇരുന്നു. മൂന്നാറിൽ അനധികൃത ഭൂമി കയ്യേറ്റം ഒന്നാം പേജിലെ തലക്കെട്ട് അമ്മച്ചി വായിച്ചു. അപ്പുവും മിറിയവും ഒരേ ശബ്ദത്തിൽ സംശയം ചോദിച്ചു. “ അനധികൃതം എന്ന വാക്കിന്റെ അർത്ഥം”.

നിയമപ്രകാരമല്ലാതെ ആര്, എന്ത് കൈവശം വച്ചാലും, ഉപയോഗിച്ചാലും അത് കുറ്റകരമാണ്. ഇതിനാണ് അനധികൃതം എന്ന് പറയുന്നത്. വ്യാജരേഖകൾ ഉപയോഗിച്ചാലും നിയമ പ്രകാരം അത് അനധികൃതം തന്നെയാണ് കത്രീനാമ്മച്ചി വിശദീകരിച്ചു. “ മെതിക്കുന്ന കാളയ്ക്ക് മുഖക്കൊട്ട കെട്ടരുതെന്ന് (ആവ. 25:4) മോശ പറഞ്ഞിട്ടുണ്ട്. പുതിയ നിയമത്തിൽ പൗലോസ് അപ്പോസ്തോലനും ഇത് തന്നെ പറയുന്നു (1 കൊരി. 9:9). മക്കളെ ! പണ്ട് മെതിവണ്ടിയിൽ കാളയെയും, കുതിരകളെയും കെട്ടിയാണ് ഗോതമ്പ്, യവം ഇവ മെതിച്ചിരുന്നത്. വായ് മൂടിവച്ചാൽ കഠിനമായി വേല ചെയ്യുന്ന മൃഗം ക്ഷീണിക്കും. അതിന് ആവശ്യമുള്ള ഭക്ഷണം ലഭിക്കുവാൻ മുഖക്കൊട്ട മാറ്റണം.



ഇത് മനുഷ്യരെക്കൂടി ഉദ്ദേശിച്ചത്രെ പറഞ്ഞിരിക്കുന്നത്. ഏത് ജോലിക്കുമുള്ള നിയമപരമായ കൂലി തൊഴിലാളിക്ക് ലഭിക്കണം. അതോടൊപ്പം ഉടമസ്ഥനെ കരുതി വേല ചെയ്യുന്ന തൊഴിലാളികളായാൽ കുഴപ്പമില്ല. എന്നാൽ ഇന്ന് എല്ലാവരും അനധികൃതമായി സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നവരാണ്. ഇവർക്ക് എല്ലാം മുഖക്കൊട്ട കെട്ടേണ്ടത് ആവശ്യമാണ്. കുട്ടികൾക്ക് ഒന്നും മനസിലായില്ല. ഒന്നും മനസ്സിലാകാത്തതിനാൽ ജോവൽ അമ്മച്ചിയുടെ മടിയിൽ കയറിയിരുന്ന് വഴക്കുണ്ടാക്കി, അപ്പോൾ അമ്മച്ചി ഒരു കഥയായി ഇതിനെ വിശദീകരിച്ചു, മത്തായിച്ചൻ ഒരു സർക്കാരാഫീസിലെ ജോലിക്കാരനായിരുന്നു. പിശുക്കനാകയാൽ അയാൾ വിവാ

ഹവും കഴിച്ചില്ല. ശമ്പളം ബാങ്കിലിടുകയും കിമ്പളം ഉപയോഗിച്ച് ചെലവ് നടത്തുകയും ചെയ്തു. വിവാഹം ചെയ്താൽ ഒരാൾക്കു കൂടി ചെലവിന് കൊടുക്കേണ്ടതായി വരുമെന്ന് അയാൾ ഭയപ്പെട്ടു. കിടക്കയിലായ ഈ പിശുക്കനെ സഹായിപ്പാൻ ആരും തയാറായില്ല, പക്ഷേ ഈ വിവരം നാട്ടിലെല്ലാം പാട്ടായി.

നല്ല ശമര്യക്കാരന്റെ സ്വഭാവം പോലെയുള്ള ഒരു മനുഷ്യൻ ആ ഗ്രാമത്തിലുണ്ടായിരുന്നു. അയാൾ ഒരു ആയുർവ്വേദഡോക്ടർ ആയിരുന്നു. ഈ നല്ല മനുഷ്യൻ മത്തായിച്ചനെ സന്ദർശിച്ചു മത്തായിച്ചന് അത് വലിയ ആശ്വാസവുമായി. തനിക്ക് സൗഖ്യം ലഭിച്ചാൽ എന്തു വേണമെങ്കിലും പ്രതിഫലം തരാം എന്ന് സമ്മതിക്കുകയും ചെയ്തു. ഡോക്ടറുടെ ചികിത്സമൂലം മത്തായിച്ചന് മാറ്റം ഉണ്ടായി. പതിയെ വടിയുടെ സഹായത്തോടെ നടക്കുവാൻ തുടങ്ങിയ മത്തായിച്ചൻ അടുത്ത മുറികളിലൊക്കെ ബദ്ധപ്പെട്ട് നടന്നെത്തി. അന്നത്തെ ചികിത്സയ്ക്ക് എത്തിയ ഡോക്ടർ വലിയ ഒരു നിലവിളി കേട്ടാണ് വാതിൽക്കലെത്തിയത്. ഡോക്ടറെ കണ്ട മത്തായി കരയുവാൻ തുടങ്ങി. താൻ കിടപ്പിലായ ഒരു മാസം കൊണ്ട് വീട്ടുസാധനങ്ങൾ എല്ലാം നഷ്ടമായി ആരോട് ചോദിയ്ക്കും? മറ്റുള്ളവർ തന്നെ കളിയാക്കും, താൻ മറ്റുള്ളവരോട് പിടിച്ചു പറിച്ചുണ്ടാക്കിയ പണമാണ് നഷ്ടമായത്. ഇത് മറ്റുള്ളവരുടെ ശാപമാണ്. അയാൾ ഓരോന്ന് പുലമ്പി കരഞ്ഞു.

ഡോക്ടർ മത്തായിയുടെ കൈപിടിച്ച് പുറത്ത് കൊണ്ടുപോയി, നഷ്ടമായി എന്ന് കരുതിയ സാധനങ്ങൾ കൂട്ടി ഇട്ടിരിക്കുന്നത് കാട്ടിക്കൊടുത്തു. മത്തായിച്ചാ! ആർക്കും ആഗ്രഹിക്കാം വേലയുടെ കൂലി. ദൈവവചനം പോലും വേലക്കാരന് കൂലികൊടുക്കണമെന്നും, അന്യായമായി സമ്പാദിക്കരുതെന്നുമല്ലേ പഠിപ്പിച്ചിരിക്കുന്നത്, മത്തായിച്ചനെ ഒരു പാഠം പഠിപ്പിക്കുവാനാണ് ഞാൻ ഇതു ചെയ്തത്. മത്തായിച്ചനെപ്പോലെയുള്ളവർക്ക് മുഖക്കൊട്ട കെട്ടണം. ഇതു പോലെയുള്ള അനേക മത്തായിച്ചന്മാർ ഇന്ന് എല്ലാ മേഖലകളിലുമുണ്ട്. സത്യം മനസ്സിലാക്കിയ മത്തായി വീട്ടിലെ പഴകിയ ഉപകരണങ്ങൾക്കു പകരം നല്ല ഒരു തുകയുടെ ചെക്ക് ഡോക്ടർക്ക് നൽകി സമ്മാനമായി. അന്നു മുതൽ പിശുക്കൻ മത്തായി മാന്യൻ മത്തായി ആയി മാറി.

എന്റെ മക്കളെ! ഏത് ജോലി ചെയ്താലും സത്യമായി ലഭിക്കേണ്ട കൂലി മാത്രം നേടുക, ആരുടെയും കൂലി അന്യായമായി പിടിച്ചു വയ്ക്കാതെ, മുഖക്കൊട്ട കെട്ടേണ്ടാത്ത മാന്യമായ വ്യക്തിയായി പ്രവർത്തിക്കുക അമ്മച്ചിയുടെ മുത്തുകൾ എന്നും കഷ്ടതയിൽ ആയവരെയും, വഴിതെറ്റിയവരേയും യഥാർത്ഥ വഴിയിൽ നടക്കുന്നവരാക്കുവാൻ ദൈവം സഹായിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind